

## ഖുർആൻ ബോധനം 787

ആളുകൾ അഭിമാനകരമായ പൈതൃകങ്ങളായി കൈക്കൊണ്ടുവരുന്ന വിശ്വാസാചാരങ്ങൾ അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണെന്ന് ചൂണ്ടിക്കാണിക്കുമ്പോൾ അവിവേകികൾ, അതു ചൂണ്ടിക്കാണിക്കുന്നവരെ പുഛിക്കുകയും പരിഹസിക്കുകയും പ്രകോപിതരായി ദ്രോഹിക്കാനൊരുമ്പെടുകയുമൊക്കെ ചെയ്യും. പൂർവ പ്രവാചകന്മാരെല്ലാം അതു നേരിട്ടുണ്ട്. ഇപ്പോൾ അന്ത്യപ്രവാചകൻ അനുഭവിക്കുന്നതും അതുതന്നെയാണ്. അതുകൊണ്ട് പരിഹാസകരും പീഡകരും ജയിക്കുകയോ പ്രവാചകൻ തോൽക്കുകയോ ചെയ്യുന്നില്ല. അന്തിമ വിജയം സത്യത്തിനും അതിന്റെ വാഹകർക്കുമായിരിക്കും.

എ.വൈ.ആർ

### സൂറ-21

# അൽഅമ്പിയാഅ്

**36.** സത്യനിഷേധികൾ പ്രവാചകനെ കണ്ടാൽ പരിഹാസ പാത്രമായിട്ടല്ലാതെ സ്വീകരിക്കുന്നില്ല. 'ഇവനോ നിങ്ങളുടെ ദൈവങ്ങളെ വിമർശിക്കുന്നവൻ?!' എന്ന് പുഛിക്കുന്നു. എന്നാൽ അവരോ, കരുണാമയനായ അല്ലാഹുവിനെ സ്മരിക്കാൻ കൂട്ടാക്കാത്തവരാകുന്നു.

وَإِذَا رَءَاكَ ٱلَّذِينَ كَفَرُوٓا۟ إِن يَتَّخِذُونَكَ إِلَّا هُزُوًا أَهَـٰذَا ٱلَّذِى يَذْكُرُ
ءَالِهَتَكُمْ وَهُم بِذِكْرِ ٱلرَّحْمَـٰنِ هُمْ كَـٰفِرُونَ ﴿٣٦﴾

**37.** മനുഷ്യൻ ധൃതി പ്രകൃതിയാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്കിതാ എന്റെ ദൃഷ്ടാന്തങ്ങൾ കാട്ടിത്തരാൻ പോകുന്നു. ആകയാൽ എന്നോടു തിരക്കുകൂട്ടേണ്ട.

خُلِقَ ٱلْإِنسَـٰنُ مِنْ عَجَلٍ ۚ سَأُو۟رِيكُمْ ءَايَـٰتِى فَلَا تَسْتَعْجِلُونِ
﴿٣٧﴾

**38.** നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ, ഈ ഭീഷണി പുലരുന്നതെപ്പോഴാണെന്ന് അവിശ്വാസികൾ ചോദിക്കുന്നുണ്ടല്ലോ.

وَيَقُولُونَ مَتَىٰ هَـٰذَا ٱلْوَعْدُ إِن كُنتُمْ صَـٰدِقِينَ ﴿٣٨﴾

**39.** കഷ്ടം! സത്യ-ധർമങ്ങൾ നിഷേധിച്ചുവാണവരുടെ മുഖങ്ങളും മുതുകുകളും നരകാഗ്നിയിൽ നിന്നു രക്ഷിക്കാനാവാത്തതും എങ്ങുനിന്നും സഹായം ലഭിക്കാത്തതുമായ ആ സന്ദർഭത്തെക്കുറിച്ച് ഇക്കൂട്ടർ വല്ലതും അറിയുന്നുവെങ്കിൽ!

لَوْ يَعْلَمُ ٱلَّذِينَ كَفَرُوا۟ حِينَ لَا يَكُفُّونَ عَن وُجُوهِهِمُ ٱلنَّارَ
وَلَا عَن ظُهُورِهِمْ وَلَا هُمْ يُنصَرُونَ ﴿٣٩﴾

**40.** ആകസ്മികമായിട്ടാണാ മഹാവിപത്ത് അവരിൽ വന്നെത്തുക. അപ്പോൾ അതവരെ സ്തബ്ധരാക്കിക്കളയും. അവർക്കതു തടയാനാവില്ല. ഒട്ടും സാവകാശം ലഭിക്കുകയുമില്ല.

بَلْ تَأْتِيهِم بَغْتَةً فَتَبْهَتُهُمْ فَلَا يَسْتَطِيعُونَ رَدَّهَا وَلَا هُمْ يُنظَرُونَ ﴿٤٠﴾

**41.** പ്രവാചകാ, നിനക്കുമുമ്പും ഏറെ ദൈവദൂതന്മാർ പരിഹസിക്കപ്പെട്ടിരിക്കുന്നു. പക്ഷേ ദൈവദൂതന്മാരെ പരിഹസിച്ചിരുന്നതെന്തു പറഞ്ഞാണോ അതു തന്നെ ആ പരിഹസിച്ചവരെ പിടികൂടുകയായിരുന്നു.

وَلَقَدِ ٱسْتُهْزِئَ بِرُسُلٍ مِّن قَبْلِكَ فَحَاقَ بِٱلَّذِينَ سَخِرُوا۟ مِنْهُم مَّا كَانُوا۟
بِهِۦ يَسْتَهْزِءُونَ ﴿٤١﴾

**36**

وَإِذَا رَءَاكَ ٱلَّذِينَ كَفَرُوٓا۟= സത്യനിഷേധികൾ നിന്നെ (പ്രവാചകനെ) കണ്ടാൽ

إِن يَتَّخِذُونَكَ = അവർ നിന്നെ എടു(സ്വീകരി)ക്കുന്നില്ല إِلَّا هُزُوًا= പരിഹാസ(പാത്ര)മായിട്ടല്ലാതെ أَهَٰذَا= ഇവനോ

ٱلَّذِى يَذْكُرُ = പറയു(വിമർശിക്കു)ന്നവൻ(എന്ന് പുഛിക്കുന്നു) ءَالِهَتَكُمْ= നിങ്ങളുടെ ദൈവങ്ങളെ وَهُم= എന്നാൽ അവരോ

بِذِكْرِ ٱلرَّحْمَٰنِ = കരുണാമയന്റെ സ്മരണ കൊണ്ട്(കരുണാമയനായ അല്ലാഹുവിനെ സ്മരിക്കാൻ) هُمْ= അവർ

كَٰفِرُونَ = നിഷേധിക്കുന്നവർ(കൂട്ടാക്കാത്തവർ) ആകുന്നു

**അ**വിശ്വാസികൾ പ്രവാചകനെ എവിടെയെങ്കിലും വെച്ചു കണ്ടുമുട്ടിയാൽ മാന്യമായി സംബോധന ചെയ്യാനോ സംവദിക്കാനോ തയാറായിരുന്നില്ല. പുഛത്തോടും പരിഹാസത്തോടും കൂടി മാത്രമേ അദ്ദേഹത്തെ അഭിമുഖീകരിച്ചിരുന്നുള്ളൂ. 'ഛൂ! ഇവനോ നമ്മുടെ ദൈവങ്ങളെ വിമർശിക്കുന്നത്' എന്ന വാക്യം അവരുടെ പരിഹാസോക്തികൾക്ക് ഒരു ഉദാഹരണമാണ്. ആളും അർഥവുമില്ലാത്ത, പണവും പ്രതാപവുമില്ലാത്ത ഇവൻ നമ്മുടെ ദൈവങ്ങളെ വിമർശിക്കുക! എന്തൊരു ധിക്കാരവും ധാർഷ്ട്യവുമാണത് എന്നാണതിന്റെ താൽപര്യം. ذكر ന് പറയുക, സ്മരിക്കുക എന്നാണ് ഭാഷാർഥം. ചില സന്ദർഭങ്ങളിൽ സ്തുതിക്കുക, ഭജിക്കുക, വിമർശിക്കുക, ആക്ഷേപിക്കുക തുടങ്ങിയ അർഥങ്ങളിലും വരും. ഇബ്റാഹീം(അ) വിഗ്രഹങ്ങളെ വിമർശിച്ചതിനെക്കുറിച്ച് പറഞ്ഞ ജനക്കൂട്ടത്തെ ഈ സൂറഃയിലെ 60-ാം സൂക്തം ഉദ്ധരിക്കുന്നു: سَمِعْنَا فَتًى يَذْكُرُهُمْ يُقَالُ لَهُۥٓ إِبْرَٰهِيمُ "ഇബ്റാഹീം എന്നു വിളിക്കപ്പെടുന്ന ഒരു ചെറുപ്പക്കാരൻ ഈ വിഗ്രഹങ്ങളെ വിമർശിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്." ഒരാളെ വിമർശിക്കുക എന്ന അർഥത്തിൽ 'അയാളെ പറയുക' എന്ന് നമ്മുടെ ഭാഷയിലും പറയാറുണ്ടല്ലോ. ചില വ്യാഖ്യാതക്കളുടെ വീക്ഷണത്തിൽ يَذْكُرُ ءَالِهَتَكُمْ എന്നതിനു ശേഷം بالسّوء-ബിസ്സൂഇ-ആക്ഷേപം കൊണ്ട്-എന്ന ഒരു വാക്ക് അനുക്തമായിട്ടുണ്ട്. 'നിങ്ങളുടെ ദൈവം' കൊണ്ടുദ്ദേശ്യം നമ്മുടെ ദൈവമാണ്. സാധാരണക്കാരെ വികാരം കൊള്ളിക്കാനും പ്രവാചകനെതിരെ ഇളക്കിവിടാനും നേതാക്കൾ ദൈവത്തെ അവരിലേക്ക് ചേർത്തു പറയുകയാണ്. ഇതു തടയേണ്ടത് നിങ്ങളുടെ മതാഭിമാനത്തിന്റെ താൽപര്യമാണ് എന്നൊരു ധ്വനി കൂടി അതിലുണ്ട്. ذكر الرّحمن ന്റെ അർഥം അല്ലാഹുവിനെ സ്മരിക്കലും സ്തുതിക്കലും തന്നെയാണ്. താൽപര്യമിതാണ്: കല്ലുകൊണ്ടും മണ്ണുകൊണ്ടും അവരുടെ കൈകൾ സൃഷ്ടിച്ച മൂർത്തികളുടെ പേരിൽ അവർക്കുള്ള ഭക്തിയും കൂറും മതാഭിമാനവും ഊറ്റവും നോക്കുക. അവയെ വിമർശിക്കുന്ന ദൈവദൂതനെ-സാക്ഷാൽ ദൈവത്തിന്റെ പ്രവാചകനെ-കാണുമ്പോൾ അവർ രോഷാകുലരാകുന്നു, ശകാരിക്കുകയും പുഛിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു. അക്രമിക്കാനൊരുങ്ങുന്നു. എന്നാൽ പരമകാരുണികനായ സാക്ഷാൽ സത്യദൈവത്തിന്റെ കാര്യത്തിൽ അവർ തികച്ചും നിസ്സംഗരും വിരക്തരുമാകുന്നു. അവന്റെ പേരിൽ അഭിമാന രോഷവും ഭയഭക്തിയുമിരിക്കട്ടെ, അവനെ സ്മരിക്കുന്നത് പോലും അവർക്കരോചകമാണ്. അക്കാലത്തെ അവിശ്വാസികളുടെ മാത്രമല്ല, ഇക്കാലത്തും ലോകത്തെങ്ങുമുള്ള ബഹുദൈവ വിശ്വാസികളുടെ സ്വഭാവം ഇതു തന്നെയാണ്. ഏകനായ പരമേശ്വരനെ നിഷേധിക്കുകയോ അവഗണിക്കുകയോ അവമതിക്കുകയോ ചെയ്താൽ ഒരു കുഴപ്പവുമില്ല. എത്രയോ ആളുകൾ അതു ചെയ്യുന്നുണ്ട്. എന്നാൽ ഏതെങ്കിലും ദേവാലയത്തിൽ പ്രതിഷ്ഠിച്ച വല്ല വിഗ്രഹത്തെയും അവമതിച്ചു നോക്കൂ. നിങ്ങൾക്കെതിരെ അതിന്റെ വിശ്വാസികളുടെ പട ഇളകി വരുന്നതു കാണാം. ഏകദൈവത്തോടൊപ്പം മൺമറഞ്ഞ പുണ്യാത്മാക്കളുടെയും സിദ്ധന്മാരുടെയും രക്ഷകത്വത്തിൽ കൂടി വിശ്വസിക്കുന്നവരുടെ സ്ഥിതിയും ഇതു തന്നെയാണ്. അല്ലാഹുവിനെ അവമതിക്കുന്നത് സഹിക്കും. ശൈഖിനെയോ വലിയ്യിനെയോ വിമർശിക്കുന്നത് സഹിക്കാനാവില്ല. ■

**37-40**

خُلِقَ ٱلْإِنسَٰنُ = മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു مِنْ عَجَلٍ= ധൃതി(പ്രകൃതി)യാൽ

سَأُو۟رِيكُمْ= (ഇതാ) ഞാൻ നിങ്ങൾക്ക് കാട്ടിത്തരാൻ പോകുന്നു ءَايَٰتِى= എന്റെ ദൃഷ്ടാന്തങ്ങൾ

فَلَا تَسْتَعْجِلُونِ= ആകയാൽ നിങ്ങൾ എന്നോട് തിരക്കുകൂട്ടേണ്ട

وَيَقُولُونَ= അവർ (അവിശ്വാസികൾ) പറയുന്നു (ചോദിക്കുന്നുണ്ടല്ലോ)

مَتَىٰ هَٰذَا ٱلْوَعْدُ= ഈ ഭീഷണി (പുലരുന്നത്) എപ്പോഴാണ് (എന്ന്) إِن كُنتُمْ= നിങ്ങൾ ആണെങ്കിൽ

صَٰدِقِينَ= സത്യവാന്മാർ (പറയുന്നത് സത്യം)

لَوْ يَعْلَمُ ٱلَّذِينَ كَفَرُوا۟= (കഷ്ടം! സത്യ-ധർമങ്ങൾ) നിഷേധിച്ച(ച്ചു വാണ)വർ (വല്ലതും) അറിയുന്നുവെങ്കിൽ

حِينَ لَا يَكُفُّونَ= അവർ(ക്ക്) തടയാ(രക്ഷിക്കാനാവാ)ത്ത സന്ദർഭം عَن وُجُوهِهِمُ= അവരുടെ മുഖങ്ങ(ളെ)ളിൽനിന്ന്

ٱلنَّارَ= നരകാഗ്നിയെ وَلَا عَن ظُهُورِهِمْ= അവരുടെ മുതുകുക(ളെയും)ളിൽ നിന്നും

وَلَا هُمْ يُنصَرُونَ= (എങ്ങുനിന്നും സഹായം ലഭിക്കാത്തതുമായ) അവർ സഹായിക്കപ്പെടുന്നവരുമല്ല

بَلْ تَأْتِيهِم= (ആ മഹാ വിപത്ത് അവരിൽ വന്നെത്തുക) എന്നാൽ അത് അവരിൽ വരുന്നു

بَغْتَةً= (ആകസ്മികമായിട്ട്(ാണ്) فَتَبْهَتُهُمْ= അപ്പോൾ അത് അവരെ സ്തബ്ധരാക്കുന്നു

فَلَا يَسْتَطِيعُونَ رَدَّهَا= അതൊരിക്കലും അവർക്ക് തടയാനാവില്ല

وَلَا هُمْ يُنظَرُونَ = അവർക്ക്(ഒട്ടും) സാവകാശം ലഭിക്കുകയുമില്ല

മനുഷ്യന്റെ പ്രകൃതിപരമായ ഒരു ദൗർബല്യം ചൂണ്ടിക്കാട്ടുകയാണ് خُلِقَ ٱلْإِنسَٰنُ مِنْ عَجَلٍ എന്ന വാക്യം ഉണർത്തുന്നത്. സൂറഃ *അൽഇസ്റാഅ്* 11-ാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* ഈ വിഷയം കൂടുതൽ ചർച്ച ചെയ്തിട്ടുണ്ട്. ഇവിടെ الإنسان-മനുഷ്യൻ-കൊണ്ടുള്ള വിവക്ഷ പ്രവാചകനെ തള്ളിപ്പറയുകയും പരിഹസിക്കുകയും ചെയ്യുന്ന അവിശ്വാസികളാണ്. താൽപര്യമിതാണ്: പ്രവാചകനെയും ശിഷ്യന്മാരെയും നാണം കെടുത്താൻ വേണ്ടി ഇവർ ആവശ്യപ്പെടുന്നുണ്ടല്ലോ: നിങ്ങളെ അവഗണിക്കുകയും നിഷേധിക്കുകയും ചെയ്താൽ അല്ലാഹുവിങ്കൽ നിന്നിറങ്ങുമെന്ന് ഞങ്ങളെ ഭീഷണിപ്പെടുത്തുന്ന ആ ശിക്ഷയുണ്ടല്ലോ, നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ അതൊന്നിങ്ങ് വേഗം നടപ്പിലാക്കി കാണിച്ചാട്ടെ എന്ന് അതോടെ തീരുമല്ലോ നാം തമ്മിലുള്ള തർക്കം. അതിനുള്ള മറുപടി ഇതാണ്: ആ ശിക്ഷ നിങ്ങളിതാ കാണാൻ പോകുന്നു. അതിനുവേണ്ടി തിരക്കു കൂട്ടേണ്ടതില്ല. അതൽപം താമസിക്കുന്നുവെങ്കിൽ അതിനർഥം അല്ലാഹു നിങ്ങളോട് ദാക്ഷിണ്യം കാട്ടുകയാണ് എന്നത്രെ; ഈ അവസരം ഉപയോഗപ്പെടുത്തി രക്ഷപ്പെടാനാഗ്രഹിക്കുന്നവർ രക്ഷപ്പെടാൻ. പക്ഷേ അവസരം പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നതിനുപകരം അതുടനെ വന്നെത്തണമെന്ന് തിരക്കു കൂട്ടാനാണ് മനുഷ്യ പ്രകൃതിയിലുള്ള ധൃതി അവനെ പ്രേരിപ്പിക്കുന്നത്. ഈ രീതിയിൽ തന്നെ മുന്നോട്ടുപോയാൽ മുന്നറിയിപ്പു നൽകപ്പെട്ട ശിക്ഷ ഈ ലോകത്തും പരലോകത്തും നിങ്ങളെ ബാധിക്കുക തന്നെ ചെയ്യും. കഷ്ടം! ഇന്ന് അല്ലാഹുവിന്റെ ശിക്ഷക്കുവേണ്ടി തിരക്കുകൂട്ടുന്നവർ അതു വന്നുഭവിക്കുന്ന സന്ദർഭത്തെക്കുറിച്ച് അറിയുകയോ ആലോചിക്കുകയോ ചെയ്തിരുന്നെങ്കിൽ! അന്ന് ശിക്ഷയുടെ അഗ്നി അവരെ നാനാ ഭാഗത്തുനിന്നും വലയം ചെയ്യും. അതിന്റെ ജ്വാലകൾ തങ്ങളുടെ മുഖങ്ങളെയോ മുതുകുകളെയോ ഗ്രസിക്കുന്നതിൽനിന്ന് തടയാൻ അവർക്ക് ഒരു വഴിയുമുണ്ടാവില്ല. സഹായിക്കുമെന്ന് വിശ്വസിച്ച് പൂജിച്ചുകൊണ്ടിരുന്ന ദൈവങ്ങളൊന്നും അവരെ സഹായിക്കാനെത്തുകയുമില്ല.

തീരെ പ്രതീക്ഷിക്കാത്ത നേരത്ത് പെട്ടെന്നാണാ ശിക്ഷ വന്നെത്തുക. അതു വന്നെത്തുന്ന സമയം ആർക്കും അറിയില്ല, അറിയാൻ കഴിയില്ല. അതിനാൽ എപ്പോഴാണ് ആ ശിക്ഷ സംഭവിക്കുക എന്ന് അന്വേഷിച്ചിട്ട് കാര്യമില്ല. തികച്ചും ആകസ്മികമായ അതിന്റെ ആക്രമണം ആർക്കും പ്രതിരോധിക്കാൻ കഴിയില്ല. അതിന്റെ പിടിയിൽനിന്ന് ഓടിയൊളിക്കാനോ, തെറ്റുകൾ തിരുത്തി ജീവിതം നന്നാക്കി രക്ഷപ്പെടാനോ അവസരം ലഭിക്കുകയുമില്ല. തെറ്റുതിരുത്താനുള്ള അവസരമാണ് ഇപ്പോൾ നിങ്ങളുടെ മുന്നിലുള്ളത്. ■

**41**

وَلَقَدِ ٱسْتُهْزِئَ = പരിഹസിക്കപ്പെട്ടിരിക്കുന്നു بِرُسُلٍ = (ഏറെ) ദൈവദൂതന്മാർ مِّن قَبْلِكَ = നിനക്ക് മുമ്പ്

فَحَاقَ = (പിടികൂടുകയായിരുന്നു) എന്നിട്ട് ബാധിച്ചു بِٱلَّذِينَ سَخِرُوا۟ مِنْهُم = അവരിൽ (ആ ദൈവദൂതന്മാരെ) പരിഹസിച്ചവരെ

مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ = അവർ പരിഹസിച്ചിരുന്നതെന്തു(പറഞ്ഞ്) കൊണ്ടാണോ അത്(തന്നെ)

അവിശ്വാസികളുടെ പരിഹാസത്തിലും പീഡനത്തിലും പ്രവാചകൻ അസ്വസ്ഥനും അക്ഷമനും ആകേണ്ടതില്ല. എതിർപ്പുകളും ശത്രുതയും പ്രവാചകത്വത്തിന്റെ അനിവാര്യതയാണ്. ആളുകൾ അഭിമാനകരമായ പൈതൃകങ്ങളായി കൈക്കൊണ്ടുവരുന്ന വിശ്വാസാചാരങ്ങൾ അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണെന്ന് ചൂണ്ടിക്കാണിക്കുമ്പോൾ അവിവേകികൾ, അതു ചൂണ്ടിക്കാണിക്കുന്നവരെ പുഛിക്കുകയും പരിഹസിക്കുകയും പ്രകോപിതരായി ദ്രോഹിക്കാനൊരുമ്പെടുകയുമൊക്കെ ചെയ്യും. പൂർവ പ്രവാചകന്മാരെല്ലാം അതു നേരിട്ടിട്ടുണ്ട്. ഇപ്പോൾ അന്ത്യപ്രവാചകൻ അനുഭവിക്കുന്നതും അതുതന്നെയാണ്. അതുകൊണ്ട് പരിഹാസകരും പീഡകരും ജയിക്കുകയോ പ്രവാചകൻ തോൽക്കുകയോ ചെയ്യുന്നില്ല. അന്തിമ വിജയം സത്യത്തിനും അതിന്റെ വാഹകർക്കുമായിരിക്കും. 'ദൈവിക ശിക്ഷ ഒന്നിങ്ങ് വേഗം നടപ്പിലാക്കിയാട്ടെ' എന്ന് പ്രവാചകന്മാരെ പരിഹസിച്ചിരുന്ന അവിശ്വാസികൾ ഒടുവിൽ അപ്പറഞ്ഞ ദൈവിക ശിക്ഷക്കിരയായി നശിച്ചുപോയ എത്രയോ സംഭവങ്ങൾ ചരിത്രത്തിൽ കാണാം. بِٱلَّذِينَ سَخِرُوا۟ مِنْهُم-അവരെ (പ്രവാചകന്മാരെ) അല്ലെങ്കിൽ അവരിൽനിന്ന് (അവിശ്വാസികളിൽ) പരിഹസിച്ചിരുന്നവരെ-എന്ന വാക്യം, ദൈവിക ശിക്ഷ ബാധിച്ചിരുന്നത് പ്രവാചകന്മാരെ പരിഹസിച്ചു തള്ളിയവരെ മാത്രമാണെന്നും, സമൂഹത്തിലെ മറ്റുള്ളവർ അതിൽനിന്ന് മുക്തരായിരുന്നുവെന്നും സൂചിപ്പിക്കുന്നു. ■